**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** | **14-10-2024 - ൽ മറുപടിയ്ക്ക്**

**നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സിൽ രാജ്യത്ത് ഏറ്റവും ഉയർന്ന സ്കോർ നേടി സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2023 -24 വർഷം നടത്തിയ ദേശീയതല NQAS അസെസ്സ്മെന്റിൽ 99 % സ്കോർ നേടിയ മലപ്പുറം ജില്ലയിലെ കോട്ടക്കൽ കുടുംബാരോഗ്യകേന്ദ്രം പി എച്ച് സി വിഭാഗത്തിൽ ഉയർന്ന സ്കോർ നേടി. ഇതിനെ തുടർന്നു 2024 ജൂൺ 28 ന ഡൽഹിയിൽവച്ച നടന്ന Launch of guidelines of NQAS virtual assessment of AAM in rural and urban areas followed by felicitation of states / UT's for outstanding performance in quality certification എന്ന ദേശീയതല പരിപാടിയിൽവച്ച് കോട്ടക്കൽ കുടുംബാരോഗ്യകേന്ദ്രത്തിനു അംഗീകാരം നൽകുകയുണ്ടായി. |
| (ബി) | ആരോഗ്യമേഖലയിൽ, പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയായി ഇതിനെ വിലയിരുത്തുന്നുണ്ടോ; | (ബി) | സർക്കാർ ആശുപത്രികളിൽ നൽകിവരുന്ന ചികിത്സാസൗകര്യങ്ങളും സേവനങ്ങളും സാർവത്രികമായും ഒരേ ഗുണനിലവാരത്തിലും നൽകപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ആശുപത്രികൾ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് ദേശീയ - അന്തർദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി ആശുപത്രികളുടെ തലം അനുസരിച്ച ക്രമീകരിച്ചിട്ടുള്ള ചെക്ക് ലിസ്റ്റുകൾ ഉപയോഗിച്ച് പല ഘട്ടങ്ങളായുള്ള തുടർ പരിശോധനകൾക്കു വിധേയമായി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ചു ക്വാളിറ്റി അക്രെഡിറ്റേഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആരോഗ്യ പ്രവർത്തകരോടൊപ്പം ജനപ്രതിനിധികളുടെയും ഭരണകർത്താക്കളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെയും പങ്കാളിത്തത്തോടെയാണ് ഇത്തരം ഗുണ നിലവാര മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | അത്തരത്തിൽ അന്തർദേശീയ ഗുണനിലവാര ഏജൻസിയായ ഇൻറർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത് കെയർ അംഗീകാരത്തോടുകൂടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിന് വേണ്ടി ഗവൺമെൻറ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്.<br><br>നിലവിൽ ജില്ലാ/ താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, കൂടാതെ സബ്സെന്ററുകൾ എന്നിവയൊക്കെ ഈ അക്രഡിറ്റേഷൻ വേണ്ടി അപേക്ഷിക്കാവുന്നതാണ്. ഓരോ സ്ഥാപനതലത്തിലും അക്രഡിറ്റേഷന് വേണ്ടി പരിശോധിക്കുന്ന ഡിപ്പാർട്ടുമെന്റുകളുടെ എണ്ണം വ്യത്യസ്തമാണ്. ഇത്തരത്തിൽ ഓരോ ഡിപ്പാർട്ടുമെന്റുകളിലും 8 area of concerns പരിശോധിക്കുന്നുണ്ട്. അത് വ്യക്തമാക്കുന്നത് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും കൂടാതെ രോഗ ചികിത്സാ സംവിധാനങ്ങളും രോഗനിർണയ സംവിധാനങ്ങളും ഉൾപ്പെടുന്നവയാണ്.<br><br>ഇത്തരത്തിൽ ഭൗതിക സാഹചര്യങ്ങൾ, രോഗചികിത്സ / നിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ വിശദമായ പരിശോധനയ്ക്ക് ശേഷമാണ് NQAS അക്രഡിറ്റേഷൻ ലഭിക്കുന്നത്.<br><br>അതുകൊണ്ടുതന്നെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ ആശുപത്രികളിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയായി NQAS അംഗീകാരത്തിനെ കാണാവുന്നതാണ്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ താലൂക്ക്-ജില്ലാ ആശുപത്രികളുടെയും നിലവാരം ഉറപ്പാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ? | (സി) | സർക്കാർ ആശുപത്രികൾ വഴി ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഗുണനിലവാരത്തിൽ മികച്ചതാവണം. ഇത്തരത്തിൽ ആശുപത്രികളിൽ നൽകി വരുന്ന സേവനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കുന്നത് ദേശീയ-അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ജില്ലാ താലൂക്ക്തല ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ജില്ലാ -താലൂക്ക് ആശുപത്രികളെ NQAS അക്രെഡിറ്റേഷനുവേണ്ടി തയ്യാറെടുപ്പിച്ചുവരുന്നു. ഘട്ടംഘട്ടമായി കൂടുതൽ ആശുപത്രികളിൽ NQAS അക്രെഡിറ്റേഷന് സജ്ജമാക്കുകയാണ് ലക്ഷ്യം. |

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആശുപത്രികളുടെ തലം അനുസരിച്ച് നിർണയിച്ചിട്ടുള്ള ചെക്ക് ലിസ്റ്റുകൾ ഉപയോഗിച്ച് പല ഘട്ടങ്ങളിലായുള്ള തുടർ പരിശോധനകൾ നടത്തുന്നു അവയിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ച് ക്വാളിറ്റി അക്രെഡിറ്റേഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു.ആരോഗ്യ പ്രവർത്തകരോടൊപ്പം ജനപ്രതിനിധികളും ഭരണകർത്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെയും പങ്കാളിത്തത്തോടെയാണ് ഇത്തരം ഗുണ നിലവാര മെച്ചപ്പെടുത്തലുകൾ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സ്ഥാപനതല, ജില്ലാതല, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസർച്ച് സെൻറർ (NHSRC) നിയോഗിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനകൾക്ക് ശേഷമാണ് ആശുപത്രിയുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്.ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന ആശുപത്രികളാണ് സർക്കാർ NQAS അംഗീകാരം നൽകുന്നത്.

അക്രഡിറ്റേഷൻ ആയി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ ജനറൽ ആശുപത്രികളിൽ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

NQAS മാനദണ്ഡപ്രകാരം സർക്കാർ ആശുപത്രികളിലെ Quality അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനും വിവിധ തലങ്ങളിൽ നിർദ്ദിഷ്ട ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ നിലവിലുണ്ട് ദേശീയ- സംസ്ഥാന ജില്ലാ തലങ്ങളിൽ ഇത്തരം കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആശുപത്രിതലത്തിലും ആശുപത്രി സൂപ്പറിൻറെൻഡന്റിന്റെ നേതൃത്വത്തിൽ ഇത്തരം ക്വാളിറ്റി ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി മേൽനോട്ടം വഹിക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്വം. ആശുപത്രിയിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും അക്രെഡിറ്റേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും, MLA മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ അനവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ അവലോകന യോഗങ്ങൾ നടത്തി വരുന്നു.

ദേശീയ-സംസ്ഥാന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആശുപത്രികളിലെ ക്വാളിറ്റി

അഷ്വറൻസ് പ്രവർത്തനങ്ങളും, ഇന്റേണൽ അസ്സെസ്സ്മെന്റുകൾ നടത്തുകയും പുരോഗതി വിലയിരുത്തി വിടവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ ആശുപത്രി വികസന സമിതികളുടെ പിന്തുണയോടുകൂടിയാണ് ക്വാളിറ്റി അക്രെഡിറ്റേഷൻ പ്രവർത്തനങ്ങൾ, ഗ്യാപ് ക്ലോഷർ എന്നിവ നടപ്പിലാക്കി വരുന്നത്.

ഇതു കൂടാതെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും Quality Assurance യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകൾ ആശുപത്രികളുടെ ക്വാളിറ്റി അക്രെഡിറ്റേഷൻ നടപടിക്രമങ്ങൾ സഹായകമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും, പരിശീലനങ്ങൾ സംഘടിപ്പിക്കുകയും, എംപാനെൽഡ് അസ്സെസ്സർമാരെ ഉപയോഗിച്ച് ഈ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും ചെയ്യുന്നു. അക്രെഡിറ്റേഷൻ നടത്തുന്നതിന്റെ ഭാഗമായുള്ള അസസ്സ്മെൻറ് നടത്തുന്നതിന് പരിശീലനം ലഭിച്ച എംപാനെൽഡ് അസ്സെസ്സർമാർ ഓരോ ജില്ലയിലും ഉണ്ട്.

നാളിതുവരെ സംസ്ഥാനത്തെ 5 ജില്ലാതല ആശുപത്രികൾക്കാണ് NQAS ദേശീയ അംഗീകാരം ലഭ്യമായത്. 3 ജില്ലാ ആശുപത്രികളിൽ സംസ്ഥാനതല പരിശോധനകൾ പൂർത്തിയായി, ദേശീയതല പരിശോധനകൾക്കു തയ്യാറെടുക്കുന്നു. കൂടാതെ 2 ജില്ലാ ആശുപത്രികൾ സംസ്ഥാനതല പരിശോധനക്കു അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വരുന്ന മാസങ്ങളിൽ സംസ്ഥാനതല പരിശോധനകൾക്കുള്ള ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

കൂടാതെ ജില്ലാതല ആശുപത്രികളുടെ NQAS അക്രെഡിറ്റേഷന് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി NHSRC യുമായി ചേർന്നു ദേശീയതല റാപിഡ് ക്വാളിറ്റി അസ്സെസ്സ്മെന്റ് പരിശോധനകൾ നടത്തി വരുന്നു. ഇത്തരത്തിൽ നടത്തിവരുന്ന റാപിഡ് ക്വാളിറ്റി അസ്സെസ്സ്മെന്റിൽ കണ്ടെത്തുന്ന വിടവുകൾ പെട്ടെന്ന് പരിഹരിച്ചു NQAS ദേശീയ അക്രെഡിറ്റേഷന് ആശുപത്രികളെ തയ്യാറെടുപ്പിക്കുന്നതാണ് ലക്ഷ്യം.

നാളിതുവരെ 23 ജില്ലാതല ആശുപത്രികളിൽ ദേശീയതല NQAS റാപിഡ് അസ്സെസ്സ്മെന്റുകൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ബാക്കി 9 ജില്ലാ ആശുപത്രികളിലെ റാപിഡ് അസ്സെസ്സ്മെന്റ്

NHSRC യുമായി ചേർന്ന് വരുന്ന മാസത്തിൽ തയ്യാറെടുക്കുന്നു.

4 താലൂക്ക് ആശുപത്രികളിൽ സംസ്ഥാനത്തെ ദേശീയ NQAS അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ ഒരു ആശുപത്രി കൂടി സംസ്ഥാനതലത്തിൽ അക്രെഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒരു താലൂക്ക് ആശുപത്രിയിൽ ജില്ലാ അസ്സെസ്സ്മെന്റ് പൂർത്തിയാക്കി സംസ്ഥാനതല അസ്സസ്മെന്റിനായി തയ്യാറെടുക്കുന്നു.

NQAS അക്രഡിറ്റേഷന് പുറമേ ജില്ലാ/ താലൂക്ക് തല ആശുപത്രികളിൽ മാതൃ-ശിശു വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യ, മുസ്കാൻ എന്നീ അക്രെഡിറ്റേഷൻ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

**ലക്ഷ്യ(LaQshya)**

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 'ലക്ഷ്യ പദ്ധതി' ആവിഷ്കരിച്ചത്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർറൂമുകളുടെയും പ്രസവ സംബന്ധമായ ഓപ്പറേഷൻ തിയേറ്ററുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

നാളിതുവരെ കേരളത്തിൽ **12**ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് **3** മെഡിക്കൽ കോളേജ് ആശുപത്രി, **7** ജില്ലാ ആശുപത്രികൾ, **2** താലൂക്ക് ആശുപത്രികൾ എന്നിവയ്ക്ക് ലക്ഷ്യ അംഗീകാരം ദേശീയതലത്തിൽ ലഭ്യമായിട്ടുണ്ട്.

കൂടാതെ **1** മെഡിക്കൽ കോളേജ് ആശുപത്രിയിലും, **2** ജില്ലാ ആശുപത്രികളിലും സംസ്ഥാനതല ലക്ഷ്യ പരിശോധനകളും പൂർത്തിയായിട്ടുണ്ട്.

**മുസ്കാൻ (MusQan)**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കാനായി സർക്കാർ പ്രത്യേക പരിശ്രമമാണ് നടത്തുന്നത്. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിന് ജില്ലാ ജനറൽ, താലൂക്ക് ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾകൊള്ളുന്നു **new born ICU** (എസ്.എൻ.സി.യു.കൾ, **(SNCU)** എൻ.ബി.എസ്.യു.കൾ, **(NBSU)** പ്രസവാനന്തര വാർഡുകൾ, പീഡിയാടിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.<br><br>നാളിതുവരെ ആകെ കേരളത്തിലെ **2** സർക്കാർ ആശുപത്രിക്കൾക്ക് മുസ്കാൻ അംഗീകാരം ലഭിച്ചു. സംസ്ഥാനത്ത് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച് നും ജില്ലാ ആശുപത്രി മാനന്തവാടി, വയനാടിനും ആണ് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചത്. കൂടാതെ **4** ജില്ലാ/ താലൂക്ക് ആശുപത്രികൾ സംസ്ഥാനതല മുസ്കാൻ പരിശോധനകൾ പൂർത്തിയാക്കി സംസ്ഥാനതല അക്രെഡിറ്റേഷനു യോഗ്യത നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ